പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിട്ടറിംഗ് സമിതികൾ

11 (*71) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ മോണിറ്ററിംഗ് സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രവർത്തികളുടെ നടത്തിപ്പിൽ സമിതിക്ക് എന്തെല്ലാം അധികാര ങ്ങളാണ് നൽകുന്നത് ;

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കു ന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ ;

(ഡി) കാലാവധി കഴിഞ്ഞും പൂർത്തിയാക്കാതെയുള്ള പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ & ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തി കളുടെ അവലോകനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ സമിതി ഇതിനകം രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സമിതി രണ്ടാഴ്ചയ്ക്കൊരിക്കൽ അവലോകനം നടത്തണ മെന്നും പി.ഡബ്ല്യൂ.ഡി ജില്ലാതല ഉദ്യോഗസ്ഥർ വിശദമായ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യ ക്ഷനും പി.ഡബ്ല്യൂ.ഡി സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറുമായി ജില്ലാതല കമ്മിറ്റി മാസംതോറും യോഗംചേർന്ന് പ്രവൃത്തികൾ നിരീക്ഷിക്കുന്നതാണ്. മരാമത്ത് മന്ത്രിതലത്തിൽ മാസംതോറും അവലോകനവും നടത്തുന്നതാണ്. മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തര അറ്റകുറ്റപ്പണികൾ നിരീക്ഷിക്കാനായി മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാന തല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും ഉണ്ട്.

(സി) ഇപ്പോൾതന്നെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമുണ്ട്.

(ഡി) ഓരോ പ്രവൃത്തിയുടേയും കാര്യത്തിൽ കാരണങ്ങൾ വിശകലനം ചെയ്തും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ചും കരാർ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾക്ക് അനുസൃതമായും ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് പുനഃക്രമീകരണം നടത്തിയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി

12 (*72) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ കേരളത്തിന്റെ വാദങ്ങൾക്ക് ആധാരമായ തെളിവുകൾ ഹാജരാക്കിയിട്ടുണ്ടോ ;

(ബി) ഡാമിന്റെ ബലക്ഷയം സംബന്ധിച്ച ഏതെല്ലാം പഠന റിപ്പോർട്ടുകളും രേഖകളുമാണ് കേരളം സമർപ്പിച്ചിട്ടുള്ളത്.

(സി) ഉന്നതാധികാര സമിതിയുടെ സന്ദർശനത്തിന് മുമ്പ് ഡാമിന്റെ കേടുപാടുകൾ വ്യക്തമാകാത്തതരത്തിൽ അറ്റകുറ്റപ്പണികളും പെയിന്റിംഗും നടത്തിയ തമിഴ്നാടിന്റെ നടപടി ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാർ പുതിയ ഡാം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഉണ്ട്

(ബി) നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് ഡൽഹി, ഐ.ഐ.റ്റി നടത്തിയിട്ടുള്ള പഠന റിപ്പോർട്ടും റൂർക്കി ഐ.ഐ.റ്റി നടത്തിയ സെസ്മിക് Stability analysis of Mullaperiyar Dam - Part I, Seismic Hazard Analysis ഉം സുപ്രീകോടതി മുമ്പാകെ കേരളം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ രണ്ടാംഭാഗം ഫയലിൽ സ്വീകരിക്കുന്നതിന് കേരളം ബഹുമാനപ്പെട്ട. എംപവേർഡ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2000 ലെ എക്സ്പർട്ട് കമ്മിറ്റി, ഡാം സുരക്ഷിതമാണെന്ന് വിലയിരുത്തുവാൻ അവലംബിച്ചിട്ടുള്ള assumption-ൽ പലതും ശരിയായിട്ടുള്ളവയായിരുന്നില്ല എന്ന് കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡാമിൽനിന്നും ലീച്ചു ചെയ്യുന്ന ലൈമിന്റെ അളവിനെ സംബന്ധിച്ചും, ഡാം നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ പഴക്കംമൂലം ഉണ്ടായിട്ടുള്ള ബലക്ഷയത്തെ സംബന്ധിച്ചുള്ള രേഖകളും കേരളം സമർപ്പിച്ചിട്ടുണ്ട്. അമേരിക്ക, ചൈന ഇന്ത്യ എന്നീ രാജ്യങ്ങളിൽ മുമ്പ് സംഭവിച്ചിട്ടുള്ള ഡാം ഫെയിലുവർ സംബന്ധിച്ചുള്ള exhibits ഉം കേരളം കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly